"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്ത് - 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 2.4 – ഉറുമ്പിനി തോടിന് കുറുകെയുള്ള പാലം നിർമ്മാണം - ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ.(സാധാ) നം.1016/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/05/2020

പരാമർശം:- 1 സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/07/2017 ലെ S4/2578/17 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 17/4/18 ലെ M3/6412/18നമ്പർ കത്ത്.

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 4/2/20 ലെ DKSA/3416/19/PT1 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിലെ ഉറുമ്പിനി തോടിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് പ്രാദേശിക നിരക്ക് പ്രകാരം 11,85,000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റിനേക്കാൾ 49.5% ടെണ്ടർ അധികത്തിന് ടി പ്രവൃത്തി കരാറുകാരൻ മുഖേന നടപ്പിലാക്കിയിരിക്കുന്നതെന്നും പരാമർശിച്ചുകൊണ്ട് 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.4 പ്രകാരം ചെലവുതുക തടസ്സപ്പെടുത്തിയിരുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം 2006-07 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.20.1 ആയി ഉൾപ്പെട്ടിട്ടുമുണ്ട്.

2 . ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) യുടെ 29-ാമത് റിപ്പോർട്ടിൽ ഇക്കാര്യം പരിഗണിച്ചിട്ടുള്ളതും ഉറുമ്പിനി തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് **11,85,000/-** രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനേക്കാൾ 49.5% ടെണ്ടർ അധികത്തിന് പ്രസ്തുത പ്രവൃത്തി കരാറുകാരന് നൽകുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം വസ്തുതയാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തിരുന്നു. മതിയായ വിവരങ്ങൾ രജിസ്റ്ററിലോ ടെണ്ടർ ഫയലിലോ മിനിട്സ് ബുക്കിലോ രേഖപ്പെടുത്താത്തതും അധിക പ്രവൃത്തി ചെയ്യുന്നതിന് മതിയായ അംഗീകാരം വാങ്ങാതിരുന്നതും വീഴ്ചയായി സമിതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ ടി. റിപ്പോർട്ടിലെ ഖണ്ഡിക 73ൽ സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സാധൂകരണം അഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരാമർ ശം (1) പ്രകാരം സമർ പ്പിച്ച അപേക്ഷ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12/6/17ലെ II(8) -ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/17 ലെ 27-ാം നമ്പർ തീരുമാനം എന്നിവ സഹിതം അനുകൂല ശിപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു.

3. ബഹുമാനപ്പെട്ട നിയമസഭാസമിതിയുടെ നിർദേശം, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12/6/17ലെ II(8) -ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/12/17 ലെ 27-ാം നമ്പരായുള്ള അനുകൂല ശിപാർശ കൂടാതെ ടി.പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം

ഉണ്ടായിട്ടില്ല എന്നതും പരിഗണിച്ച് സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4ന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4ലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളതും 2006-07വർഷത്തെസമാഹൃത ഓഡിറ്റ് റിപ്പോർട്ട്ഖണ്ഡിക 3.20.1 ൽ ഉൾപ്പെട്ടിട്ടുള്ളതുമായ

ഉറുമ്പിനി തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 11,85,000/-(പതിനൊന്ന് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപ മുടക്കി നടപ്പിലാക്കിയ പദ്ധതിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

സെക്രട്ടറി, സീതത്തോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

ഇൻഫർമേഷൻ കേരള മിഷൻ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡെപ്യൂട്ടി ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ